# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 74**

**04.02.2013 മറുപടിയ്ക്ക്**

**സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിയമനം നടത്തിയതിന്റെ മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി. സതീശൻ:** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ/സയന്റിഫിക് ഓഫീസർ തസ്തികകളിൽ പുതുതായി നിയമനം നടത്തിയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | എ) പുതിയതായി നിയമനം നടത്തിയത് പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിൽ മാത്രമാണ്. സയന്റിഫിക് ഓഫീസർ തസ്തികയിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല. മാനദണ്ഡങ്ങൾ കൗൺസിൽ അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തന പരിചയവും ആണ്. പത്രപരസ്യം 2012 ഏപ്രിൽ കൊടുത്തിരുന്നു. വെബ്സൈറ്റിലും ഇട്ടിരുന്നു. |
| ബി) ഇപ്പോൾ നടത്തിയ നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ; | ബി) മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ട്. നിയമാനുസൃതമുള്ള സ്ക്രീനിംഗ് കമ്മറ്റിയുടെയും സെലക്ഷൻ കമ്മറ്റിയുടെയും ശുപാർശയനുസരിച്ച് തയ്യാറാക്കി ബന്ധപ്പെട്ട അധികാരികളിൽ നിന്നും നിയമാനുസൃതമായി അംഗീകാരം വാങ്ങി, മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തന, ഗവേഷണ പരിചയ ദൈർഘ്യമുള്ള, വളരെ പ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞനെ നിയമിച്ചിട്ടുണ്ട്. |
| സി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം ലഭിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ